LIBRARY ARCHIVES Kerala Legislative Assembly

സംസ്ഥാനത്തെ കേന്ദ്ര പൊതുമേഖലാ സ്ഥാപനങ്ങളിൽ കേന്ദ്ര ഗവൺമെന്റ് നിക്ഷേപം

21 [475] ശ്രീ. മത്തായി ചാക്കോ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ കേന്ദ്രപൊതുമേഖലാ സ്ഥാപനങ്ങളിൽ കേന്ദ്രഗവൺമെന്റ് നടത്തിയ നിക്ഷേപം സംബന്ധിച്ച് ഓരോ സ്ഥാപനത്തേയും അടിസ്ഥാനമാക്കിയുള്ള വിശദാംശം ലഭ്യമാക്കാമോ;

(ബി) സംസ്ഥാനത്തെ കേന്ദ്ര പൊതുമേഖലാ സ്ഥാപനങ്ങളിലെ നിക്ഷേപം വർദ്ധിപ്പിച്ച് കിട്ടുന്നതിന് സംസ്ഥാന ഗവൺമെന്റ് പ്രത്യേകമായി എന്തെല്ലാം ശ്രമങ്ങളാണ് നടത്തിയിട്ടുള്ളത്;

(സി) ഏതെല്ലാം സ്ഥാപനങ്ങളുടെ നവീകരണത്തിനും വൈവിദ്ധ്യ വൽക്കരണത്തിനുമായി പുതിയ പദ്ധതികൾ സമർപ്പിക്കുകയുണ്ടായി;

(ഡി) കേരളത്തിലെ കേന്ദ്ര പൊതുമേഖലാ സ്ഥാപനങ്ങളിലെ നവീകരണത്തിനും വൈവിദ്ധ്യവൽക്കരണത്തിനുമായി കേന്ദ്ര ഗവൺമെന്റിന്റെ അനുമതി പ്രതീക്ഷിക്കുന്ന പദ്ധതികൾ ഓരോ സ്ഥാപനത്തെ സംബന്ധിച്ച് ഏതെല്ലാമാണെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) ആന്റ് ബി)

സ്ഥാപനത്തിന്റെ പേര്	*നിക്ഷേപം*
എഫ്.എ.സി.റ്റി.	95,572.52 ലക്ഷം
ഹിന്ദുസ്ഥാൻ ലാറ്റക്സ് ലിമിറ്റഡ്	1,553.50 ,,
കൊച്ചി ഷിപ്യാഡ് ലിമിറ്റഡ്	31,456.14 ,,

കേന്ദ്ര പൊതുമേഖലാ സ്ഥാപനമായ ഹിന്ദുസ്ഥാൻ പേപ്പർ കോർപ്പറേഷന്റെ കീഴിൽ സബ്സിഡിയറി കമ്പനിയായ ഹിന്ദുസ്ഥാൻ ന്യൂസ് പ്രിന്റ് ലിമിറ്റഡിൽ കേന്ദ്രഗവൺമെന്റിന്റെ നേരിട്ടുള്ള നിക്ഷേപം ഉണ്ടായിട്ടില്ല. എന്നാൽ 1982-ൽ ഹിന്ദുസ്ഥാൻ പേപ്പർ കോർപ്പറേഷന്റെ കേരള ന്യൂസ് പ്രിന്റ് പ്രോജക്ട് പൂർത്തിയായതിനുശേഷം കേന്ദ്ര സർക്കാരിന്റെ അനുമതിയോടുകൂടി രൂപീകരിക്കപ്പെട്ട ഹിന്ദുസ്ഥാൻ ന്യൂസ്പ്രിന്റ് ലിമിറ്റഡിലേയ്ക്ക് പ്രസ്തുത പ്രോജക്ട് ഹിന്ദുസ്ഥാൻ പേപ്പർ കോർപ്പറേഷൻ കൈമാറ്റം ചെയ്യുന്നതിനുമുമ്പ് വിവിധ ഘട്ടങ്ങളിലായി 15,509 ലക്ഷം രൂപ നിക്ഷേപിച്ചിരുന്നു. കൊച്ചിൻ റിഫൈനറീസിന് കേന്ദ്ര സർക്കാരിൽ നിന്ന് നേരിട്ട് നിക്ഷേപം ഒന്നും ഇല്ല. കേന്ദ്രഗവൺമെന്റിന് ഉണ്ടായിരുന്ന 55.04 ശതമാനം ഓഹരികളും ഭാരത് പെട്രോളിയം കോർപ്പറേഷൻ ലിമിറ്റഡിന് കൈവശം ലഭിച്ചിട്ടുണ്ട്.

മുൻ കേന്ദ്രസർക്കാരിന്റെ ഡിസ്ഇൻവെസ്റ്റ്മെന്റ് നിർദ്ദേശങ്ങൾക്കെതിരായി നിലവിലുള്ള കേന്ദ്ര പൊതുമേഖലാ സ്ഥാപനങ്ങൾ സംസ്ഥാനത്ത് നിലനിർത്തി കിട്ടുന്നതിനുവേണ്ടിയുള്ള ശ്രമത്തിലായിരുന്നു സംസ്ഥാന സർക്കാർ.

(സി) കൊച്ചിൻ റിഫൈനറീസിന്റെ നവീകരണത്തിനും വൈവിദ്ധ്യ വൽക്കരണത്തിനുമായി കപ്പാസിറ്റി എക്സ്പാൻഷൻ-കം-മോഡണൈസേഷൻ പ്രോജക്ട്-ഫേസ് 1, എന്ന പദ്ധതി അംഗീകരിച്ച് പ്രവർത്തനം പുരോഗമിച്ചു വരുന്നു.

(ഡി) കൊച്ചിൻ റിഫൈനറീസ്

(1) ക്രൂഡ് ഓയിൽ റസീപ്റ്റ് ഫസിലിറ്റീസ് പ്രോജക്ട്.

(2) കപ്പാസിറ്റി എക്സ്പാൻഷൻ-കം-മോഡേണൈസേഷൻ-ഫേസ് II.

എഫ്.എ.സി.റ്റി.-യുടെ സമഗ്ര വികസനത്തിനും വൈവിദ്ധ്യവൽക്കരണ ത്തിനുമായി ഒരു പദ്ധതി കേന്ദ്രസർക്കാരിനു സമർപ്പിച്ചിട്ടുണ്ട്.

മറ്റു കേന്ദ്ര പൊതുമേഖലാ സ്ഥാപനങ്ങളിൽ ഇത്തരം പദ്ധതികൾ ഒന്നും നിലവിലില്ല.

പൊതുമേഖലാ സ്ഥാപന മേധാവികളുടെ വിദേശപര്യടനം

22 [476] ഡോ. തോമസ് ഐസക്ക്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം സംസ്ഥാനത്തെ ഏതെല്ലാം പൊതുമേഖലാസ്ഥാപനങ്ങളുടെ മേധാവികളാണ് വിദേശപര്യടനം നടത്തിയിട്ടുള്ളത്;

(ബി) ഓരോരുത്തർക്കും വേണ്ടി ഇതിനായി ചെലവഴിച്ച തുക എത്ര വീതമെന്ന് പറയാമോ;

(സി) ഇതേ കാലയളവിൽ പൊതുമേഖലാ സ്ഥാപനങ്ങളുടെ ചെയർമാൻ, എം.ഡി., സെക്രട്ടറി, ഡയറക്ടർ ബോർഡ് അംഗങ്ങൾ എന്നിവർ 2001-2002, 2002-2003, 2003-2004 എന്നീ വർഷങ്ങളിൽ ടി.എ., ഡി.എ. ഇനത്തിൽ എന്തു തുക വീതം പറ്റിയിട്ടുണ്ടെന്ന് വെളിപ്പെടുത്താമോ?

ഉത്തരം

(എ—സി) വിവരം ശേഖരിച്ചുവരുന്നു.

LIBRARY ARCHIVES Kerala Legislative Assembly